(ഐ) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് ട്രെയിനിയായും അസിസ്റ്റന്റ് ഗ്രേഡ് 1 ആയും തസ്തിക മാറ്റം വഴി നിയമനങ്ങൾ നൽകാൻ വ്യവസ്ഥയുണ്ട്.

(ബി) പത്തുവർഷം സർവ്വീസ് പൂർത്തിയാക്കിയതും അസിസ്റ്റന്റ് ഗ്രേഡ് 1 ആയി നിയമനം ലഭിക്കാൻ യോഗ്യതയുള്ളതുമായ ഒന്നാം ഗ്രേഡ് ടൈപ്പിസ്റ്റിന് തസ്തികമാറ്റം വഴി ഒന്നാം ഗ്രേഡ് അസിസ്റ്റന്റായി നിയമനം ലഭിക്കാൻ അർഹതയുണ്ട്.

(സി) നിലവിലുള്ള നിയമപ്രകാരം സീനിയർ ഗ്രേഡോ സെലക്ഷൻ ഗ്രേഡോ ആയ ടൈപ്പിസ്റ്റുകൾക്ക് തസ്തികമാറ്റം വഴി ഗ്രേഡ് 1 ടൈപ്പിസ്റ്റായി നിയമനം ലഭിക്കാൻ വ്യവസ്ഥയില്ല.

(ഡി) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പരിശോധിച്ചുവരുന്നു.

(എഫ്) പി.എസ്.സി. നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷ പാസ്സായവരോ ബിരുദധാരികളോ ആയവരും സെക്രട്ടേറിയറ്റ് മാനുവലും, അക്കൗണ്ട് ടെസ്റ്റ് ലോവറും. പാസ്സായിട്ടുള്ളവരും അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സെക്ഷനാഫീസർമാരായി പ്രമോഷൻ ലഭിക്കാൻ സാദ്ധ്യതയുള്ളവരും ആയിട്ടുള്ള ടൈപ്പിസ്റ്റ്/സി.എ മാരെയാണ് അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കുന്നത്.

(ജി) 24.9.1980-ൽ സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റിനും 23.5.1983-ൽ സർവ്വീസിൽ പ്രവേശിച്ച സി.എ. യ്ക്കുമാണ് അവസാനമായി അസിസ്റ്റന്റ് ട്രെയിനിയായി നിയമനം ലഭിച്ചത്.

(എച്ച്)-(ഐ) അസിസ്റ്റന്റ് ട്രെയിനി നിയമനത്തിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റുമാരുടെ നിയമനം

70 (781) <u>ശ്രീ. എൻ. സുന്ദരൻ നാടാർ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ നിയമനത്തിന് എഴുത്തുപരീക്ഷ നടത്തിയത് എന്നാണ്; അതിന്റെ റാങ്ക് ലിസ്റ്റ് നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 7.12.96 നാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്തു പരീക്ഷ നടത്തിയത്. എന്നാൽ അന്നേ ദിവസം കൊല്ലം ജില്ലയിൽ ബന്ദ് ആയിരുന്നതിനാൽ പരീക്ഷയിൽ പങ്കെടുക്കാൻ കഴിയാതിരുന്ന ഉദ്യോഗാർത്ഥികൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

27.12.97-ൽ ഒരു സപ്ലിമെന്ററി എഴുത്തു പരീക്ഷയും നടത്തിയിരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചു വരുന്നു.

ഗവൺമെന്റ് പ്രസ്സുകളിലെ കോപ്പി ഹോൾഡർ തസ്തിക യിലേയ്ക്കുള്ള നിയമനം

71 (782) ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ. ബാബു :

ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ കോപ്പി ഹോൾഡർ തസ്തികയിലേ യ്ക്കുള്ള നിയമനത്തിന് പി.എസ്.സി. ഏറ്റവും ഒടുവിൽ ലിസ്റ്റ് തയ്യാറാക്കിയ തെന്നാണ്;

(ബി) ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത കൾ എന്തെല്ലാമാണ്;

(സി) ഈ തസ്തികയിലേയ്ക്ക് നിലവിലുള്ള ലിസ്റ്റിൽനിന്ന് നിയമി ക്കപ്പെട്ടവരിൽ പ്രിന്റിംഗ് ടെക്നോളജിയിൽ യോഗ്യത നേടിയവരിൽ എത്രപേ രുണ്ട്;

(ഡി) ഈ പരീക്ഷയ്ക്ക് ചോദ്യപേപ്പർ സെറ്റ് ചെയ്തതു മുതലുള്ള എല്ലാ കാര്യങ്ങളെപ്പറ്റിയും അന്വേഷിക്കുകയും ക്രമക്കേടെന്തെങ്കിലും ഉള്ള പക്ഷം അതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) അച്ചടി വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് അനുസരിച്ച് താഴെപ്പറ യുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

1. എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരി ക്കണം.

2. അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള പ്രിന്റിംഗ് ടെക്നോളജിയി ലുള്ള ഡിപ്ലോമാ ഉണ്ടായിരിക്കണം. അല്ലെങ്കിൽ കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം. ജി.റ്റി.ഇ. പ്രൂഫ് റീഡേഴ്സ് വർക്ക് ലോവറും കമ്പോസിറ്റേഴ്സ് വർക്ക് ലോവറും പാസ്സായിരിക്കണം.

(സി)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

റവന്യൂ ഡിപ്പാർട്ട്മെന്റിൽ വില്ലേജ്മാൻ തസ്തിക

72(783) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റവന്യൂ ഡിപ്പാർട്ട്മെന്റിലെ വില്ലേജ്മാൻ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി ടെസ്റ്റ് നടത്തിയി ട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly